Reg. No K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M.A. Managing Editor: B. Wellington B. A.

പുസ്തകം 12 | ലക്കം 58 | 1965 മാർച്ച് 1 തിങ്കൾ | ഗുരുക്കൾ | വില 4 പൈസ | പേജ് 2

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പൊതുപേജ്	സാധാരണപേജ്
ഒരു കോപ്പിയുടെ വില	27.00	6.00
മൂന്നുമാസത്തേക്ക്	15.50	3.00
രണ്ടുമാസത്തേക്ക്	6.75	1.50
ഏജന്റന്മാർക്ക് വരി ഒരു മാസത്തേക്ക്)		
വരിസംഖ്യ പിരിച്ചു		.10
കമ്മീഷൻ	33 %	20.00

മാനേജർ

നിരോധനം നീട്ടി

മദ്രാസ്, ഫെ 28

മദ്രാസ് നഗരത്തിൽ പൊതുയോഗങ്ങളിലേയും പ്രകടനങ്ങളിലേയും മേലുള്ള നിരോധനം മാർച്ച് പതിനാലാം തിയ്യതിവരെ നീട്ടിയിരിക്കുന്നു. ജനുവരി 30ന്നാണ് നിരോധനാജ്ഞനടപ്പിൽ വന്നത്.

(പി ടി ഐ)

വിയറ്റ്നാം പ്രശ്നം സമാധാനപരമായി പരിഹരിക്കണം

ഇന്ത്യാ-അഫ്ഘാൻ പ്രധാനമന്ത്രിമാരുടെ സംയുക്ത മാധ്യമ സമ്മേളനം

(പി ടി ഐ) ന്യൂഡൽഹി, ഫെ. 28

വിയറ്റ്നാം പ്രശ്നത്തിനു സമാധാനപരവും അന്തിമവുമായ ഒരു പരിഹാരം കാണുന്നതിനു ജനീവാ മാതൃകയിലുള്ള ഒരു സമ്മേളനം വിളിച്ചുകൂട്ടണമെന്ന് ഇന്ത്യാ-അഫ്ഗാനിസ്ഥാൻ പ്രധാനമന്ത്രിമാർ ഇന്നു ആഹ്വാനംചെയ്തു.

വിയറ്റ്നാമിലുള്ള എല്ലാ സായുധ സംഘട്ടനങ്ങളും അവസാനിപ്പിക്കണമെന്നും, സമ്മേളനം വിളിച്ചുകൂട്ടുന്നതിനുള്ള പരിതസ്ഥിതികൾ അങ്ങിനെ സംജാതമാകുമെന്നും ഒരു സംയുക്ത പ്രസ്താവനയിൽ ഇരു പ്രധാനമന്ത്രിമാരും ആശിച്ചിട്ടുണ്ട്.

അഫ്ഘാൻ പ്രധാനമന്ത്രി മുഹമ്മദ് യൂസഫിന്റെ പത്തുദിവസത്തെ സന്ദർശനത്തിനുശേഷം പുറപ്പെടുവിച്ച ഈ സംയുക്തപ്രസ്താവനയിൽ കയിറോ ചേരിചേരാ സമ്മേളനത്തിന്റെ ഇന്തോപൈനായ സംബന്ധിക്കുന്ന പ്രശ്നപരിഹാരത്തിൽ ഇരുരാഷ്ട്രങ്ങളും ഉറച്ചുനില്പുണ്ടെന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ജനീവാ സമ്മേളനത്തിൽ പങ്കെടുത്ത രാഷ്ട്രങ്ങളെ ഇന്തോചൈനായിലെ സ്ഥിതിശാന്തമാക്കുന്നതിനുള്ള ഉടനടി കർത്തവ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുനില്പുണ്ടെന്നതിനും ഇരു പ്രധാനമന്ത്രിമാരും അഭ്യർത്ഥിച്ചിട്ടുണ്ട്.

ആംഗ്ലോയഴ്സിൽ കൂട്ടുന്ന ആഫ്രോ-ഏഷ്യൻ സമ്മേളനത്തെ പരമാർത്ഥിച്ചുകൊണ്ട് ബന്ദുങ്ങ് തത്വങ്ങൾ ഇപ്പോഴും സാധുവാണെന്നും, സമ്മേളനം വിവിധ പ്രശ്നങ്ങളെ ക്രിയാത്മകമായി സമീപിക്കുമെന്നും ആശിക്കുന്നുവെന്നും പ്രസ്താവനയിൽ പറയുന്നു. സമ്മേളനം ആഫ്രോ-ഏഷ്യൻ ഐക്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഉപകരിക്കണം.

ചേരി ചേരാ നയത്തെ മുറുകെ പിടിക്കുമെന്നും രണ്ടാണിക സഖ്യങ്ങളിൽ പേടുകയില്ലെന്നും പ്രസ്താവനയിൽ ആവർത്തിച്ച് ഉറപ്പിച്ചിട്ടുണ്ട്.

ശാസ്ത്രീജഫ്ഘാനിസ്ഥാൻ സന്ദർശിക്കും

അഫ്ഗാനിസ്ഥാൻ സന്ദർശിക്കുന്നതിനുള്ള ഒരു ക്ഷണം പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി സ്വീകരിച്ചിരിക്കുന്നു.

അഫ്ഘാൻ പ്രധാനമന്ത്രിയുടെ ക്ഷണവും, ശാസ്ത്രി അതു സ്വീകരിച്ചതും ഇന്നിവിടെ പ്രസിദ്ധീകരിച്ച ഇന്ത്യാ-അഫ്ഘാൻ സംയുക്ത പ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സന്ദർശനതീയ്യതി തീരുമാനിച്ചിട്ടില്ല.

ബഡ്ജറിന്റെ ആമോദമായ സ്വീകരണം

(പി ടി ഐ) ന്യൂഡൽഹി, ഫെ. 27

ബഡ്ജറിനെ പരമാർത്ഥിച്ചുകൊണ്ടു ധനകാര്യമന്ത്രി കൃഷ്ണമാചാരി ചെയ്ത 8 മിനിറ്റ് നേരത്തെ പ്രസംഗം ലോകസഭയിൽ തുടർച്ചയായ കരഘോഷം മുഴുവാക്കി.

വളരെ കൊല്ലത്തിനുള്ളിൽ അടുത്ത കൊല്ലത്തെ ഒരു മിച്ച ബഡ്ജറായിരിക്കുമെന്നു അദ്ദേഹം പറഞ്ഞപ്പോൾ അംഗങ്ങളുടെ സന്തോഷപ്രകടനങ്ങൾ ഉച്ചത്തിലായി.

ചെലവിപ്പ്, നൈസർഗ്ഗികം പാർട്ടുകൾ, വ്യക്തിനികുതി എന്നിവയിൽ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചപ്പോഴും ഇടയ്ക്ക് കരഘോഷം ഉണ്ടായി.

നാലുപേരെ വെടിവച്ചു കൊന്നു

ഒരു കൃഷിക്കാരന്റെ വിക്രിയ

(പി ടി ഐ) അലഹബാദ്, ഫെ 27

കാരഗ്രാമത്തിൽ ഒരു കൃഷിക്കാരൻനാലുപേരെ വഴിക്ക്വഴി ഇന്നലെ വെടിവെച്ചുകൊന്നു.

മരം വെട്ടിക്കൊണ്ടിരുന്ന ഒരു ഗ്രാമീണനെയാണ് ഘാതകൻ ആദ്യം വെടിവെച്ചുതു. അയാൾ അപ്പോൾതന്നെ മരിച്ചു. തുടർന്ന് മൂന്ന്പേരെകൂടിഘാതകൻ വെടിവെച്ചുകൊന്നു അപ്പോഴേക്കും ഗ്രാമീണർ അയാളെ പിടികൂടി പോലീസിൽ ഏല്പിച്ചു.

പുഴുവെവരമാണ് കൊലക്കുള്ള കാരണമെന്ന് പോലീസ് പറഞ്ഞു.

കോട്ടയം മൻസിപ്പൽ കോൺഗ്രസ്സിൽ കഴപ്പം

6 പേർ രാജിവച്ചു

(പി ടി ഐ) കോട്ടയം, ഫെ 28

കോട്ടയം മൻസിപ്പാലിറ്റിയിലെ കോൺഗ്രസ് അംഗങ്ങളിൽ മൻസിപ്പൽ കോൺഗ്രസ് പാർട്ടിയിൽനിന്നു രാജിവെച്ചിരിക്കുന്നു.

പാർട്ടിയുടെ അംഗങ്ങളായി തുടരുവാൻ തങ്ങൾക്ക് സാധ്യമല്ലെന്നും, തങ്ങൾ ഒരു പ്രത്യേക ഗ്രൂപ്പായി നിലകൊള്ളുമെന്നും ഇവർ ചെയർമാനു എഴുതിയ ഒരു കത്തിൽ പറഞ്ഞിട്ടുണ്ട്.

കുഷ്ഠരോഗികളുടെ നിരാഹാരസമരം.

(പി ടി ഐ) ആലപ്പുഴ ഫെ. 28

ഏറനാട്ട് കുഷ്ഠരോഗാസ്പത്രിയിലുള്ള ആയിരത്തോളം രോഗികളും നാളെ മുതൽ അനിശ്ചിതകാലത്തേക്ക് ഉപവാസസമരം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ഇവരുടെ ആവശ്യം ദിവസത്തിൽ 6 ക്ഷണത്തിനു 18ൗൺസ് അരി കിട്ടണമെന്നതാണ്.

കെ. S l. പി l. പ്രചരണ യോഗങ്ങൾ

ഇന്നുച്ചതിരിഞ്ഞു 6 മണിക്ക്

പാവറട്ടിസെൻറിൽ

പ്രാസംഗികർ

1 വക്കീൽ വടക്കൻ
2 ഏ ഡി. വർഗ്ഗീസ്
3 കെ. എസ്സ്. മാസ്റ്റരൻ
4 ആർ. ശ്രീനിവാസൻ

സഹായാർത്ഥി

മല്ലശ്ശരി സെന്ററിൽ

2_3_65 ചൊവ്വ

ഉച്ചതിരിഞ്ഞ് 6 മണിക്ക്

പ്രാസംഗികർ

1 വർക്കി വടക്കൻ
2 തോമസ്സ് പാറനൂർ
3 ഏ. ഡി. വർഗ്ഗീസ്സ്

നികുതിഭാരം കുറക്കാമായിരുന്ന ബഡ്ജറിനെപ്പറ്റി ഗോയങ്ക

(പി ടി ഐ) ന്യൂഡൽ ഹി, ഫെ 28

മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിൽ 237 കോടി ഉറപ്പിക്കയുടെ നികതി മി

ശ്രീനിവാസനെ വിജയി പ്പിക്കുവാൻ ഗുരുവായൂർ പ്രതിജ്ഞ ചെയ്യുന്നു

ചാവക്കാട്, ഫെ. 27

ഗുരുവായൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുതൽ ഉജ്ജീവനപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതിനായി കെ. ടി. പി. സ്ഥാനാർത്ഥി ശ്രീനിവാസൻ വിജയത്തിനുവേണ്ടി പ്രവർത്തിക്കാൻ വോട്ടർമാരിൽ പ്രവർത്തകർ മുന്നോട്ടുവന്ന കാഴ്ചയാണ് എവിടേയും കാണുന്നതു്. ഇതു കോൺഗ്രസ്സ് വൃത്തങ്ങളിൽ വളരെയധികം അങ്കലാപ്പുണ്ടാക്കിയിട്ടുണ്ട്.

മന്നിയൂരിൽ

മന്നിയൂരിൽ 21 പേരുള്ള ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. മന്നിയൂർ തിരഞ്ഞെടുപ്പു കമ്മറ്റി ആപ്പീസിൽ വെച്ചിരുന്ന ബോർഡ് കോൺ. ഗ്രൂപ്പുകാർ നശിപ്പിച്ചിരിക്കുന്നു.

ചാവക്കാട്ട്

ചാവക്കാട്ട് ടൗണിൽ ചേർന്ന പൊതുയോഗത്തിൽ സി: ജോൺ അദ്ധ്യക്ഷതവഹിച്ചു. ശ്രീ: വക്കീൽ വടക്കൻ, എ. ഡി. വർഗ്ഗീസ്, സ്ഥാനാർത്ഥി ശ്രീനിവാസൻ തുടങ്ങിയവർ പ്രസംഗിച്ചു.

വാഴപ്പിള്ളിയിൽ

ഇവിടെ 21 പേരുള്ള തിരഞ്ഞെടുപ്പു കമ്മറ്റി രൂപീകരിച്ചിരിക്കുന്നു. ഇവിടെ പേന യോഗത്തിൽ സ്ഥാനാർത്ഥി ശ്രീനിവാസൻ സംബന്ധിച്ചിരുന്നു.

പി. എൽ. ജോസിന്റെ പ്രവർത്തനം മന്നേറുന്നു

പട്ടാമ്പുർ, ഫെ 27

കന്യാകുമാരി മണ്ഡലത്തിൽ മത്സരിക്കുന്ന കെ. ടി. പി. സ്ഥാനാർത്ഥിയെ വിജയിപ്പിക്കുവാൻ എല്ലാ തലത്തിലും പെട്ട ജനങ്ങൾ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്ന ഒരു പ്രതീതിയാണ് ഇന്നുരാത്രി ഏഴരമണിക്ക് പാപ്പുർ അങ്ങാടിയിൽനടന്ന യോഗം മുമ്പാക്കിയതു്. തുടർന്നു കുഴിക്കും കയ്കരും മതഭ്രഷ്ടിലാളികളും പങ്കെടുത്ത ഈ യോഗത്തിൽ തോമസ് പാറനൂർ, ജോസഫ് ഡി. പോളയ്ക്കൽ, ഇ. ശ്രീനിവാസൻ, പി. എൽ. ജോസ് മാസ്റ്റർ (സ്ഥാനാർത്ഥി) തുടങ്ങിയവർ പ്രസംഗിച്ചു.

—0—

ആഫ്ഘാൻ പ്രധാനമന്ത്രി മടങ്ങി

(പി ടി ഐ) ന്യൂഡൽഹി, ഫെ 28

പത്തു ദിവസത്തെ സന്ദർശനത്തിനുശേഷം ആഫ്ഘാൻ പ്രധാനമന്ത്രി മുഹമ്മദ് യൂസഫ് ഇന്നുകാലത്തു കാബൂളിലേക്ക് തിരിച്ചുപോയി.

അദ്ദേഹത്തെ യാത്രയയക്കുവാൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി വിദേശകാര്യമന്ത്രി സ്വരൺസിങ്ങ്, വാർത്താപ്രക്ഷേപണമന്ത്രി മിസിസ്സ് ഇന്ദിരാഗാന്ധി, ഉപവൻ ഉദ്യോഗസ്ഥന്മാർ എന്നിവർ വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നു

—0—

ജ്യോതിക്ക് സ്വീകരണം

(പി ടി ഐ) പാലക്കാട്, ഫെ. 28

ഇന്നലെ വൈകുന്നേരം ഇവിടെ എത്തിയ ജവഹർ ജ്യോതിക്ക് സമുചിതമായ ഒരു സ്വീകരണം ഇവിടെ നൽകപ്പെട്ടു.

ഡി. സി. സി. ആഫീസ് പരിസരത്തു് ജനങ്ങൾക്കു കാണത്തക്കവിധം ഏതാണ്ടു സമയം ജ്യോതിവെക്കപ്പെട്ടു പിന്നീട് പ്രധാനതെരുവീഥികളിൽകൂടി അതിനെ ആനയിച്ചു.

രാജേന്ദ്രപ്രസാദിന്റെ ചരമ വാർഷികം

പാറ്റ്ന, ഫെ. 28

പരേതനായ പ്രോക്ടർ രാജേന്ദ്രപ്രസാദിന്റെ ചരമവാർഷികദിനമായ ഇന്നു് ഗംഗാ നദിതീരത്തുള്ള ബാൻഡ്ഗട്ടിൽ പുഷ്പകിരീടം സമർപ്പിക്കപ്പെട്ടു.

കോൺഗ്രസ്സ് പ്രവർത്തകരും പ്രമുഖ വ്യക്തികളും വിദ്യാർത്ഥികളും അണിനിരന്ന ഒരു ജനക്കൂട്ടം കാലത്തു് പ്രഭാതഭേരി നടത്തി.

(പി ടി ഐ)

തെ. വിയറ്റ്നാമിൽ നിന്നു് പട്ടാളത്തെ പിൻവലിക്കാം

അമേരിക്കയുടെ പ്രസ്താവന

(പി ടി ഐ)

വാഷിംഗ്ടൺ, ഫെ. 28

തെക്കൻ വിയറ്റ്നാമിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടുകയാണെങ്കിൽ അവിടെനിന്നു് തങ്ങളുടെ പട്ടാളത്തെ പിൻവലിക്കുവാൻ തങ്ങൾക്കൊരുക്കമാണെന്നു അമേരിക്ക രക്ഷാസമിതിയെ അറിയിച്ചിരിക്കുന്നു.

പക്ഷേ സമാധാനം പുനഃസ്ഥാപിക്കപ്പെടുകയാണെങ്കിൽ തെ. വിയറ്റ്നാമിന്റെ നേരെയുള്ള ഒരുക്രമണങ്ങളും വക്കൻ വിയറ്റ്നാം അവസാനിപ്പിക്കേണ്ടതുണ്ടു്.

വാഷിംഗ്ടൺ ഡി. സി. യിലെ അമേരിക്കൻ പ്രതിനിധി അഡ്ലായി സ്റ്റീവൻസൺ രക്ഷാസമിതി പ്രസിഡന്റിന്നയച്ച ഒരു കത്തിലാണ് ഇതു് പറഞ്ഞിട്ടുള്ളതു്.

യു. എൻ. പ്രത്യേക കമ്മറ്റി

(പി ടി ഐ)

ഐക്യരാഷ്ട്രസംഘം, ഫെ. 28

ഐക്യരാഷ്ട്രങ്ങളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന സമാധാന പ്രവർത്തനങ്ങളുടെ എല്ലാവശങ്ങളേയുംപറ്റി പഠിക്കുന്നതിനു് 38 അംഗങ്ങളുള്ള ഒരു പ്രത്യേക കമ്മറ്റി ജനറൽ അസംബ്ലി പ്രസിഡന്റ് അലക്സ് കയിസൺ സാങ്കല്പികരിച്ചിരിക്കുന്നു. ഇന്ത്യ അതിൽ ഒരു അംഗമാണ്.

ഭക്തവത്സലത്തിനു് സ്വീകരണം

(പി ടി ഐ) മദ്രാസ്, ഫെ. 28

മുഖ്യമന്ത്രിയുടെ സമ്മേളനം കഴിഞ്ഞ് ഇന്നലെ ഇവിടെ തിരിച്ചെത്തിയ മദ്രാസ് മുഖ്യമന്ത്രി ഭക്തവത്സലത്തിനു് വിമാനത്താവളത്തിൽവച്ചു് ഒരു ഗംഭീരസ്വീകരണം നൽകപ്പെട്ടു. അനവധി കോൺഗ്രസ്സുകാർ വിമാനത്താവളത്തിൽ വന്നിരുന്നു.

445 കോടിയോളം ഉറുപ്പിക

ഭക്ഷ്യധാന്യ ഇറക്കുമതിക്കു ബഡ്ജറിൽ കൊള്ളിച്ചു

(പി ടി ഐ) ന്യൂഡൽഹി, ഫെ. 28

1965-66ൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനായി 444.68 കോടി ഉറുപ്പിക ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് മൻകൂറായി നല്കുന്ന 13 കോടി ഉറുപ്പികയും ഇതിൽ ഉൾപ്പെടുന്നു.

നടപ്പുവർഷത്തിൽ ഭക്ഷ്യത്തിനു ഇറക്കുമതി ചെയ്തിട്ടുള്ളതു് 64 ലക്ഷം ടൺ ഗോതമ്പും, 8.36 ലക്ഷം ടൺ അരിയുമാണ്.

ശിവാജി ഗണേശൻ അമേ: മൃഗശാലയ്ക്കു ആനകൊടുത്തയച്ചു

മദിരാശി, ഫെ. 27

സുപ്രസിദ്ധ തമിഴ് സിനിമാനടനായ ശിവാജി ഗണേശൻ അമേരിക്കയിലെ ഇൻഡ്യാനാപോലിസ് മൃഗശാലയ്ക്കു ആനകൊടുത്തയച്ചിരിക്കുന്നു.

ഇന്നലെ വൈകിട്ട് മി. ശിവാജി ഗണേശന്റെ വസതിയിൽ നടന്ന ഒരു ചടങ്ങിൽവച്ചു് അമേരിക്കൻ കോൺസൽ ജനറൽ ഡോ. ആൽബർട്ട് ഹ്വാങ്ങിൻ അമേരിക്കയിലെ കുട്ടികൾക്കുവേണ്ടി 'കമല' എന്നു പേരുള്ള ഒമ്പതുമാസം പ്രായമായ ഈ ആനക്കുട്ടിയെ ഏറ്റുവാങ്ങി.

ആനക്കുട്ടിയെ സമ്മാനിച്ചശേഷം മി. ഗണേശൻ ഇപ്രകാരം പറഞ്ഞു 'എന്റെ അമേരിക്കൻ സന്ദർശനവേളയിൽ, ഇന്ത്യയോടു് വളരെ മമതയുള്ള അമേരിക്കൻ കുട്ടികളെ ഞാൻ കാണുകയുണ്ടായി. ഇന്ത്യയിലെ ഉദ്യോഗസ്ഥന്മാർ അറിയാതെ അവർ വളരെ കരയുകയും പ്രകടിപ്പിച്ചു. നമ്മുടെ ദേശഭാഷാ പ്രകടിപ്പിക്കുന്നതിനും സ്നേഹത്തിന്റെ സൂചകമായും ഇന്ത്യയിലെ കുട്ടികൾക്കുവേണ്ടി അമേരിക്കയിലെ കുട്ടികൾക്കു് ഞാൻ ഈ സമ്മാനം നൽകുന്നു'

മി. ഗണേശൻ 1962-ൽ അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ ക്ഷണമനുസരിച്ച് രണ്ടുമാസക്കാലം അമേരിക്കയിൽ സന്ദർശനപര്യടനം നടത്തുകയുണ്ടായി

മി. ഗണേശൻ പതിനാറോളം പേരാണ് ഈ ആനക്കുട്ടിക്കു നൽകിയിരിക്കുന്നതു്. അടുത്ത ബുധനാഴ്ച "കമല" മീനംബാക്കം വിമാനത്താവളത്തിൽനിന്നും എയർ ഇന്ത്യ ഇൻർനാഷണൽ വക ബോയിംഗ് വിമാനത്തിൽ പുതിയ പാഠ്പിടസ്ഥലത്തേയ്ക്കു് പുറപ്പെടുന്നതാണ്. ദീർഘമായ ഈ വിമാനസഞ്ചാരത്തിനു് കമലയ്ക്കുവേണ്ടി ഒരു പ്രത്യേക കൂട് തയ്യാറാക്കിവരുന്നുണ്ട്.

മദിരാശിയിൽനിന്നു് "ശാന്തി" എന്നപേരായ മറ്റൊരു ആനക്കുട്ടിയെ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ അമേരിക്കയിൽ ടെക്സാസിലുള്ള ഫോർട്ട്വർത്തു് മൃഗശാലയിലേയ്ക്കു് വിമാനമാർഗ്ഗം അയയ്ക്കുകയുണ്ടായി. കേരളത്തിലെ കൊല്ലങ്കോട് രാജാവിന്റെ കുട്ടികാലം "അമേരിക്കയിലെ കുട്ടികൾക്ക്" സമ്മാനിച്ചതായിരുന്നു അതു്.

വി. കെ. കൃഷ്ണമേനോൻ നാളെ തൃശ്ശൂരിൽ വരുന്നു

തൃശ്ശൂർ ഫെ: 28

മാർച്ച് 2-ന് ചൊവ്വാഴ്ച രാവിലെ 11 മണിക്ക് വിദ്യാർത്ഥി കോണ്ഗ്രസ്സിൽ ചേരുന്ന കെ. എസ്സ്. യു. സമ്മേളനത്തിൽ ശ്രീ. വി. കെ കൃഷ്ണമേനോൻ സംബന്ധിക്കുമെന്നറിയുന്നു.

—

എറണാകുളം ജില്ലാവിക സനകൗൺസിൽ

(സ്വ ലേ) എറണാകുളം, ഫെ 27

എറണാകുളം ജില്ലയിലെ വിവിധവി

കോംഗോ പ്രശ്നം പരിഗണിക്കുന്നു

ആഫ്രിക്കൻ ഐക്യസംഘടന സമ്മേളനം രൂപീകരിച്ചു

(റോയിട്ടർ)

നയിറോബി ഫെ: 28

ആഫ്രിക്കൻ ഐക്യസംഘടനയുടെ മന്ത്രിസഭാകൗൺസിൽ ഇവിടെ സമ്മേളനം ആരംഭിച്ചിരിക്കുന്നു.

നയിറോബി സിറ്റി ഹാളിൽ വച്ചു രഹസ്യമായി നടക്കുന്ന ഈ യോഗത്തിൽ കെനിയൻ വിദേശകാര്യമന്ത്രി ജോസഫ് മുരുബി അദ്ധ്യക്ഷംവഹിച്ചു.

അനധികൃത വ്യക്തികൾ ഹാളിലേക്ക് കടക്കുന്നതിനെ തടയുവാൻ കർശനമായ പോലീസ് കാവലുണ്ട്. പ്രതിനിധികളല്ലാത്ത ചിലർ പരിശോധനക്കു വിധേയരായി.

9 ദിവസം നീണ്ടുനില്ക്കുന്ന ഈ സമ്മേളനത്തിന്റെ അജ്യോഗത്തിന്റെ ലക്ഷ്യം രണ്ടു് ഉപാദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കുക, സമ്മേളനത്തിന്റെ കാര്യപരിപാടി അംഗീകരിക്കുക എന്നിവയാണ്. അതിനുശേഷം സമ്മേളനം രണ്ടു് ഗ്രൂപ്പുകളായി തിരിയും. ഒരു ഗ്രൂപ്പുരാഷ്ട്രീയകാര്യങ്ങൾക്കാണ്. കോംഗോ, ആഫ്രിക്കൻ-മദഗാസ്കർ ഓർഗനൈസേഷൻ, അഭയാർത്ഥിപ്രശ്നം, വിദേശ നയസമരങ്ങൾ എന്നിവയെ സംബന്ധിക്കുന്ന കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ഈ ഗ്രൂപ്പിന്റെ പരിഗണനയിൽ വരും. ഇതേ സന്ദർഭത്തിൽ കോംഗോ അഡ്ഹോക്ക് കമ്മീഷൻ പ്രസിഡന്റ് ജോമോ കെനിയാത്തയുടെ അദ്ധ്യക്ഷതയിൽ കൂടിക്കൊണ്ടിരിക്കുകയാണ്. കോംഗോ കായ്യത്തെ സംബന്ധിക്കുന്ന റിപ്പോർട്ടിന്നു് കമ്മീഷൻ അവസാനരൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്.

....

അമേരിക്കൻ റബ്ബർ എസ്റ്റേറ്റുകൾ പിടിച്ചടക്കി

ഇന്തോനേഷ്യയുടെ മറ്റൊരു നീക്കം

(റോയിട്ടർ) ജക്കാർത്ത ഫെ. 28

വടക്കൻ സുമാത്രയിലെ അമേരിക്കൻ റബ്ബർ എസ്റ്റേറ്റുകളുടെ ഭരണം ഇന്തോനേഷ്യ ഏറ്റെടുത്തിരിക്കുന്നു.

ഇവ എസ്റ്റേറ്റുകൾക്ക് 8 കോടി ഡോളർ (37.3 കോടി ഉറുപ്പിക) വിലവരും. ഇവ എസ്റ്റേറ്റുകളിലുള്ള അമേരിക്കൻ ഉദ്യോഗസ്ഥന്മാർ ഇന്തോനേഷ്യ വിദേശമന്ത്രാലയത്തിനു് അൻപാറ്റ് സൂസ് എയർസർവീസുമായി ചാർട്ടർ ചെയ്തിട്ടുള്ള നാൽപതു് സീറ്റുകളുള്ള വിമാനത്തിൽ അമേരിക്കയിലേക്കു് തിരിച്ചുപോകുന്നതാണ്.

ഇന്തോനേഷ്യയിലുള്ള എല്ലാ യു. എസ്., ഐ. എസ്. ആഫീസുകളും അടച്ചുപൂട്ടണം ഇന്തോനേഷ്യൻ എയർ സി പാഞ്ഞു

ഈ വാർത്തകൾ അമേരിക്കൻ-ഇന്തോനേഷ്യൻ ബന്ധങ്ങളെ വീണ്ടും വഷളാക്കിയിട്ടുണ്ടു്.

അമേരിക്കൻ ഫിലിമുകൾ ഇവിടെ നിരോധിച്ചിരിക്കുകയാണു്. യു. എസ്., ഐ. എസ്. ഫോട്ടോഗ്രാഫർമാർക്കു് വിസ നിഷേധിച്ചിരിക്കുകയാണു്. പ്രസിഡണ്ടു് ജോൺസൺ കോലഞ്ചം അവർ കത്തിച്ചു.

....

ഏറണാകുളം ജില്ലാവിക സനകൗൺസിൽ

(സ്വ ലേ) ഏറണാകുളം, ഫെ 27

ഏറണാകുളം ജില്ലയിലെ വിവിധവി

കസനജോലികൾക്കുവേണ്ടി ഇരു സാമ്പത്തികവർഷത്തിൽ അനുവദിച്ചിരുന്ന തുകയുടെ 80 ശതമാനവും കഴിഞ്ഞ ജനുവരി 31-നുമുമ്പുതന്നെ ചെലവാക്കിക്കഴിഞ്ഞതായി ഇന്നലെവരെ പോന്നുള്ള വിവരങ്ങൾ ഡി: കളക്ടർ വെളിപ്പെടുത്തിയിരിക്കുന്നു.

ജലസേചനം, ലോകോപയോഗം, ഇടുക്കി ജലവൈദ്യുത പദ്ധതി, പബ്ലിക് ഹെൽത്തു് എഞ്ചിനിയറിംഗ് ഡിവിഷൻ തുടങ്ങിയവയ്ക്കുവേണ്ടിയാണ് ഈ തുക ചെലവാക്കിയിട്ടുള്ളതു്. ഇതിനുപുറമെ ഈ വകുപ്പുകൾക്കുവേണ്ടി അനുവദിച്ചിരുന്ന തുകയിൽ ഇനിയും ചെലവാക്കാൻ കഴിയുമെന്നു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കൗൺസിലിനു് ഉറപ്പുനൽകി.

ജില്ലാ കളക്ടർ ശ്രീ പി. പി. ഗോപാലൻനായരാണു് യോഗത്തിൽ അദ്ധ്യക്ഷംവഹിച്ചതു്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ജില്ലാമേധാവികളും മറ്റനവധി ഉദ്യോഗസ്ഥ അംഗങ്ങളും യോഗത്തിൽ സംബന്ധിച്ചു.

ARCEE INDUSTRIES

Phone. 151 Pudussery Palghat.

Sales Depot, G. B. Road, PALGHAT.

Sales Branch KOLLENGODE Phone 49 P P.

നവീനരീതിയിലുള്ള കോമ്പൌണ്ട് ഗെയ്റേക്കും, ഗ്രിൽസ്സുകും, കൊലാബ്സ്ബിം ഗെയ്റേ മുതലായ വീട്ടുപകരണങ്ങൾക്കും നെല്ലുപുഴുങ്ങുന്ന ടേങ്കുകൾക്കും ഞങ്ങളുടെ ഷോറൂം സന്ദർശിക്കുക.

SHOW ROOM

STUDENTS CORNER, TRICHUR.

എക്സ്റേ പ്ലാന്റ് ഉൽഘാടനം

മാന്യരെ,

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആസ്പത്രിയോടനുബന്ധിച്ച് നാട്ടുകാരുടെ ശ്രമഫലമായും ഗവണ്മെണ്ട് സഹകരണത്തോടുകൂടിയും സ്ഥാപിച്ചുകിട്ടിയിട്ടുള്ള X Ray പ്ലാന്റ് വിഭാഗത്തിന്റെ ഉൽഘാടനം നാളെ [1965 മാർച്ച് 1-മനു- തിങ്കൾ] വൈകിട്ട് 5-30നു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എം. പി. യുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വെച്ച് കേരളാ ഹെൽത്തു് സർവ്വീസസ് ഡയറക്ടർ ഡോ: ടി. ഭാസ്കരമേനോൻ നിർവ്വഹിക്കുന്നതാണു്. പ്രസ്തുത ഉൽഘാടനച്ചടങ്ങുകളിലും മറ്റും പങ്കെടുത്തു് ഈ സംരംഭത്തെ വിജയിപ്പിക്കാൻ എല്ലാ പൊതുജനങ്ങളോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്നു്,

ഡോ: എം. കെ. ജോഇജ്ജ്

B. Sc; M. B. B. S.,

കൺവീനർ,

X-Ray പ്ലാന്റ് കമ്മിറ്റി.

ചാലക്കുടി, 28-2-'65.

STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER

THOZHILALI

to be Published in the first issue every year after last day of February.

Form IV

(SEE RULE 8)

1) Place of Publication	::	TRICHUR.
2) Periodicity of its Publication	::	DAILY.
3) Printer's Name	::	PAUL VALAPPILA
Nationality	::	INDIAN
Address	::	THOZHILALI OFFICE, TRICHUR.
4) Publisher's Name	::	PAUL VALAPPILA
Nationality	::	INDIAN
Address	::	THOZHILALI OFEICE, TRICHUR.
5) Editor's Name	::	Fr. JOSEPH VADAKKAN.
Nationality	::	INDIAN
Address	::	THOZHILALI OFFICE, TRICHUR.
6) Names and addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital.	::	Fr. JOSEPH VADAKKAN, Proprietor THOZHILALI Trichur.

I, PAUL VALAPPILA hereby declare that the Particulars given above are true to the best of my knowledge and belief.

Date 23-2-1965 Signature of Publisher (Sd)

ജയിൽആക്രമിച്ചകൊണ്ട് സമരം തുടങ്ങി

കോളനി മേധാവികൾക്ക് രക്ഷയില്ല

—ജി. മൊസക്കേയേവ്—

നഗരീകരണമാണ് പോർട്ടുഗീസ് കോളനി മേധാവികാം ഒടുവിലായി കണ്ടുപിടിച്ച അടവ്. ഈ അടവുമായി ആഫ്രിക്കൻ നാടുകളിലെ ദേശീയ വിമോചന സമരങ്ങളെ അടിച്ചമർത്തുവാൻ അവർ പാഴ്വേല നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ അധീനത്തിലുള്ള നാടുകളുടെ പട്ടിക മൊസാംബിക്, കബിന്ദ പോർട്ട്ഗീസ്ഗിനി, കേപ്വെർദേ ദ്വീപുകാം, സാൻറ്റോമസ് ദ്വീപ്, പ്രിൻസെപ് ദ്വീപ്. ഈ നാടുകളിലാന്നിലും കോളനി മേധാവികാംക്ക് ഇന്നാ രക്ഷയല്ല.

അംഗോള ജനതയുടെ വിമോചനസമരം 1961 ഫെബ്രുവരി 4-ംതിയതി പ്രഭാതത്തിലാരംഭിച്ചു. അന്ന് ഈ കോളനിയുടെ തലസ്ഥാനമായ ലുവാണ്ടയിൽ കത ജയിൽ ആക്രമിച്ചകൊണ്ടാണ് അതാരംഭിച്ചത്. അതേ വർഷം ആഗസ്റ്റിൽ ആഫ്രിക്കൻ സ്വാതന്ത്ര്യ യോദ്ധാക്കാം പോർട്ടുഗീസ് ഗിനിയിൽ സായുധസമരം പടിക്കുകയുണ്ടായി. 1964 സെപ്റ്റംബർ 25-ംതീയതി മോസാംബിക് ദേശാഭിമാനികാം കോളനി മേധാവികാംക്കെതിരായി സമരമാരംഭിച്ചു.

കഴിഞ്ഞ നാലുവർഷമായി കോളനിക്കിൽ ഇന്നവരുന്ന ഈ യുദ്ധമെന്നേരിടാൻ ലോകാച്ച രാജ്യമായ പോർട്ടുഗലിന് ഭീമമായ ഒരു സംഖ്യ, പതിനൊന്നരകോടി പവൻ, ചിലവിടേണ്ടിവന്നിരിക്കുന്നു. പോർട്ടുഗീസ് പട്ടാളത്തിന്റെ വലിയഭാഗം കോളനികളിൽ വ്യാപൃതരായിരിക്കുകയാണ്. അംഗോളയിൽ 74000, മൊസാംബിക്കിൽ 35000, ഗിനിയിൽ 20000 പട്ടാളക്കാർ ഉണ്ട്. അവക്ക പരിഷ്കൃതായുധങ്ങാം ഉണ്ട്. എന്നിട്ടും പരാജയത്തിന്റെ പിറകെ പരാജയമാണുണ്ടാവിക്കുന്നത്. പോർട്ടുഗീസ് ഗിനിയിൽ രാജ്യത്തിന്റെ മൂന്നിലൊരുഭാഗം ഗിറില്ലകളുടെ കയ്യിലാണ്. മൊസാംബിക്ക് വിമോചനമുന്നണി തങ്ങളുടെ സായുധസേനയിലേയ്ക്ക് തോന്നുവരുപിച്ചിച്ച രകാണിരിക്കുകയാണ്. എന്നുമാത്രമല്ല മടതിയിട്ടുപോയ പ്രധാന കലാപത്തവളങ്ങാം പിടിച്ചടക്കാൻ കഴിഞ്ഞിട്ടില്ല അംഗോളയിലെ വിമോചന പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കുന്ന ദേശാഭിമാനികം കബിന്ദയിൽ തിലയുറപ്പിച്ചിരിക്കുന്നു. കോംഗോ നദിയും കോംഗോ രാജ്യത്തിന്റെ ഒരു നേരിയ ശകലവുമാണ് വേർതിരിക്കുന്നത്. അംഗോളയിൽ സായുധസമരം ഇനിയും വ്യാപിപ്പിക്കുന്നതിനുവേണ്ടി കബിന്ദയെ ഒരു താവളമാക്കുകയാണ് വിമോചനസമരത്തിന്റെ ഉദ്ദേശം. അതിനു കോളനിമേധാവികളെ കബിന്ദയിൽനിന്നു പുണ്ണമായും ഉന്മൂലനം ചെയ്യുക എന്ന കർത്തവ്യം കലാപകാരികളുടെ മുമ്പിലുണ്ട്. അതിനുവേണ്ടി അവർ ഒരു പ്രത്യേക കമാന്റിനെ നിയോഗിക്കുന്നതിനു മുമ്പായി ഈ പ്രദേശത്തിന്റെ സ്വഭാവം മനസ്സിലാക്കുന്നതിനുവേണ്ടി ഒരു ചെറിയ സംഘത്തെ അയച്ചു. ഈ സംഘം കബിന്ദയിലെത്തിയപ്പോൾ അവിടെ ഒരു പോർട്ടുഗീസ് പട്ടാളക്കാരനുപോലുമുണ്ടായിരുന്നില്ല. അവർ ഒരു ഗ്രാമത്തിൽ ചെന്നു. ആ ഗ്രാമത്തിലെ ജനങ്ങാം അവരെ സ്വീകരിച്ചു. അവർ അവിടെ ഒരു ഗ്രാമസഭ കൂടി. ഗ്രാമത്തിലെ കാര്യങ്ങാം നടത്തുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തു. ഈ കമ്മിറ്റിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ഒരു സ്ത്രീയായിരുന്നു. ഈ സംഘം കബിന്ദയിൽ ചെന്നു ജനങ്ങളുമായി സമ്പർക്കം പുലർത്തിയ ശേഷം തിരിച്ചുപോന്നു. അതിനുശേഷം കബിന്ദയിലെ ഗ്രാമങ്ങളിൽ ഗ്രാമസഭകൾ കൂടുകയും ഗ്രാമകമ്മിറ്റികൾ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ കമ്മിറ്റികളുടെ പ്രസിഡന്റുമാരുടെ ഒരു കൗൺസിലാണ് കബിന്ദയുടെ ഭരണം നടത്തുന്നത്. ഈ കൗൺസിലിന്റെ പ്രസിഡന്റ് ഒരു സ്ത്രീയാണ്.

പുരോഗമനവാദികളുടെ മുഴുവൻ പിന്തുണ

കോളനി മേധാവികളുടെ നടപടികൾ കീഴിൽ ജനിയും നരകിച്ചു കഴിയുന്ന ആഫ്രിക്കൻ ജനങ്ങളുടെ ന്യായമായ സമരത്തിന് പുരോഗമനവാദികളായ മനുഷ്യരുടെയാകെ പിന്തുണയുണ്ട്. പ്രസിദ്ധമായ രകൃകുരാഷ്ട്രപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പോർട്ടുഗീസ് കോളനികളിലെ ജനങ്ങാംക്ക് സ്വാതന്ത്ര്യം അനുവദിക്കുന്നതിനുവേണ്ടി സോവിയറ്റ് യൂണിയനും മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങാം ഐക്യരാഷ്ട്രസഭയിൽ നിരന്തരം സമരം നടത്തിയിട്ടുണ്ട്. 1964 ഡിസംബറിൽ ഐക്യരാഷ്ട്രസഭയുടെ പല പ്രത്യേകസംഘടനകളിൽനിന്നും പോർട്ടുഗലിനെ പുറത്താക്കി. ജനറൽ അസംബ്ലിയുടെ 18-ം സമ്മേളനത്തിൽ സെനഗൽ വിദേശമന്ത്രി ഡിട്ടിയും, ആഫ്രിക്കൻ ഐക്യസംഘടനയുടെ പേരിൽ; പോർട്ടുഗലിനെ ഐക്യരാഷ്ട്രസഭയിൽനിന്ന് പുറത്താക്കാൻ ഒരു നിർദ്ദേശം സമർപ്പിച്ചു. സോഷ്യലിസ്റ്റ് രാജ്യങ്ങാം ആ നിർദ്ദേശത്തെ പിന്താങ്ങി.

പാശ്ചാത്യശക്തികളുടെ എതിർപ്പുമൂലം ഈ നിർദ്ദേശം സ്വീകരിക്കപ്പെട്ടില്ല. എന്നാലും അതിനെ പ്രധാന്യം കുറച്ചു കണ്ടുകൂടാ. ആഫ്രിക്കൻ ഐക്യസംഘടനയിൽ അണിനിരന്ന ആഫ്രിക്കൻ സ്റ്റേറ്റുകാം കൊളോണിയലിസത്തിനെതിരായി ഒരു യുദ്ധം പ്രഖ്യാപിച്ചതായി ഇതു വ്യക്തമാക്കുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുന്ന ജനങ്ങാംക്ക് പിന്തുണയായി അതിയുറച്ച നടപടികാംക്ക് അവ രൂപകല്പന ചെയ്തുകഴിഞ്ഞു. അംഗോളയിലെ ജനങ്ങളോടുള്ള ധാർമ്മിക കടമനിറവേറ്റുന്നതിൽ ഐക്യരാഷ്ട്രസഭ പരാജയപ്പെടുന്നപക്ഷം ആഫ്രിക്കൻ രാജ്യങ്ങാം സ്വയം ആവശ്യമായ നടപടികളെടുക്കുമെന്നും ഐക്യരാഷ്ട്രസഭയിൽ ഘാനയുടെ പ്രതിനിധി മക്കെസൻ സാക്കിയും ഗിനിയുടെ പ്രതിനിധി ദിയല്ലോ തെല്ലിയും മുന്നറിയിപ്പു നൽകിക്കഴിഞ്ഞു.

അവരിതാ ഇപ്പോാം ഈ പാതയിലേക്കിറങ്ങിയിരിക്കുന്നു. ദേശീയ വിമോചനപ്രസ്ഥാനത്തിനു സഹായം സംഘടിപ്പിക്കുവാനും ഒരു പ്രത്യേക ഫണ്ടു രൂപീകരിക്കുവാനും ഒരു പ്രത്യേക കമ്മറ്റിയെ നിയോഗിക്കുന്നതിനു ആഫ്രിസ് അഡ്ഡിസ് അബാബയിൽ ചേർന്ന ആഫ്രിക്കൻ ഐക്യസമ്മേളനം തീരുമാനിച്ചു. ഇതിനു സമരം ചെയ്യുന്ന ജനങ്ങാംക്ക് പിന്തുണയായി ഒരു വളണ്ടിയർ കോർ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഈ പിന്തുണയുടെ ഫലങ്ങാം അനവധിയുണ്ടാകുമെന്നു തീർച്ചയാണ്. ഇപ്പോാം തന്നെ ലോകജനാഭിപ്രായം ഒരു സ്വാധീനശക്തിയായിത്തീർന്നിരിക്കുന്നു. ഉദാഹരണത്തിനു, അംഗോളയിലെ പോർട്ടുഗീസ് ഭരണാധിപർക്ക് കഴിഞ്ഞ വർഷം പുതിയ അമേരിക്കൻ ആയുധ സാമഗ്രികാം ലഭിച്ചപ്പോ അമേരിക്കൻ കപ്പലുകൾ സഹായമാണ് പോർട്ടുഗലിനെ സാമ്പത്തിക തകർച്ചയിൽനിന്നു രക്ഷിക്കുന്നത്.

എന്നാൽ ഒരു സഹായവും പോർട്ടുഗീസ് കോളനി മേധാവികളെ രക്ഷിക്കുകയില്ല. വർഷിംഗ്ടണിലും ഇപ്പോാം ആഭ്യന്തരപ്രശ്നം മൂലം ജോൺസൺ ഭരണകൂടത്തിന് ഇടപെടുവാൻ കഴിയുകയില്ല. അതേ സ്ഥിതിയാണ് ലിസ്ബണിലും. അതുകൊണ്ടുതന്നെ ഇപ്പോാം ആഫ്രിക്കൻ ജനതയുടെ ഭാഗത്തുള്ള ശക്തികാം ഭൂരിപക്ഷമാണ്. അവർക്കു പിന്തുണയുമായി അണിനിരക്കുന്നതിനുവേണ്ടി ഓരോ രാജ്യത്തിനും അവരുടെ പ്രത്യേക സാഹചര്യങ്ങാം അനുസരിച്ച് പല രീതികളും സ്വീകരിക്കാവുന്നതാണ്. ഇന്ത്യയുടെ കാര്യത്തിൽ ഇപ്പോാം ഏറ്റവും പ്രധാനമായിട്ടുള്ളത് ഗവൺമെന്റിന്റെ തലത്തിലുള്ള നയതന്ത്രപരമായ നടപടികളാണ്. ഇന്ത്യയുടെ ഭാഗത്തുള്ള ഏതു നീക്കവും പോർട്ടുഗീസ് ഗവൺമെന്റിനെ ഏറ്റവും കൂടുതൽ പ്രകോപിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് ഇന്ത്യയുടെ ഭാഗത്തുനിന്നുള്ള ഏതു നീക്കവും ഏറ്റവും ശ്രദ്ധാപൂർവ്വമായിരിക്കണം. ഇന്ത്യയുടെ ഭാഗത്തുനിന്നുള്ള ഏതു നീക്കവും പോർട്ടുഗീസ് ഗവൺമെന്റിനെ ഏറ്റവും കൂടുതൽ പ്രകോപിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് ഇന്ത്യയുടെ ഭാഗത്തുനിന്നുള്ള ഏതു നീക്കവും ഏറ്റവും ശ്രദ്ധാപൂർവ്വമായിരിക്കണം. ഇന്ത്യയുടെ ഭാഗത്തുനിന്നുള്ള ഏതു നീക്കവും പോർട്ടുഗീസ് ഗവൺമെന്റിനെ ഏറ്റവും കൂടുതൽ പ്രകോപിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് ഇന്ത്യയുടെ ഭാഗത്തുനിന്നുള്ള ഏതു നീക്കവും ഏറ്റവും ശ്രദ്ധാപൂർവ്വമായിരിക്കണം.

ആക്ഷേപങ്ങളും ആവശ്യങ്ങളും

സ്പീഡ് കുറയ്ക്കണം

പുത്തൂർ മേയ്മാസം 6-ാം തീയതി നിരവധി ബസ്സുകളും മണ്ണു കയറ്റിയ ലോറികളും കാടന്നതിനു, എന്നാൽ പുത്തൂർ സ്കൂളിനടുത്തെത്തുമ്പോാം ഇവയ്ക്കു ഇടയ്ക്കിടെ ബസ്സ് അപകടങ്ങാം ഇടയ്ക്ക്, ഇടയ്ക്കു ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. നിരവധി പിഞ്ചു കുഞ്ഞുങ്ങാം ഈ വാഹനങ്ങളുടെ സ്പീഡ് കുറയ്ക്കുവാൻ ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഈ കാര്യത്തിൽ ഇന്ത്യയിൽത്തന്നെ ഉദാഹരണമായി ഗവൺമെന്റ് ചൂണ്ടിക്കാണിക്കുന്നു. അവലുത്തിനിടെ ചില പ്രത്യേക ശ്രദ്ധകളിൽ വിദ്യാഭ്യാസവകുപ്പിനു നേട്ടമുണ്ടായിട്ടുണ്ടെന്നു ഗവൺമെന്റ് സമ്മതിക്കുന്നുണ്ട്